LIBRARY ARCHIVES Kerala Legislative Assembly

(സി) വാഴ, മരച്ചീനി എന്നീ കാർഷിക വിളകൾക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനും വിപണി കണ്ടെത്തുന്നതിനുമായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ്-19 ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര കർഷക സംഘങ്ങൾ എന്നിവ വഴിയും മരച്ചീനി സംഭരിച്ച് വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

(ഡി) വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന നേന്ത്രക്കുലയ്ക്ക് ഏർപ്പെടുത്തിയ താങ്ങുവില മറ്റ് ജില്ലകളെ അപേക്ഷിച്ച് കുറവാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വയനാട് ജില്ലയിൽ ഉല്പാദിപ്പിക്കുന്ന നേന്ത്രക്കുലയ്ക്ക് ഏർപ്പെടുത്തിയ താങ്ങുവില കിലോയ്ക്ക് 27 രൂപയും മറ്റ് ജില്ലകളിൽ ഉല്പാദിപ്പിക്കുന്ന വയനാടൻ നേന്ത്രന് കിലോയ്ക്ക് 30 രൂപയുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അടിസ്ഥാന വില പദ്ധതി പ്രകാരം വിളകൾക്ക് താങ്ങുവില നിശ്ചയിച്ചത് സംസ്ഥാന പ്രൈസസ് ബോർഡിന്റെ വിളകളുടെ ഉല്പാദന ചെലവ് കണക്കുകളുടെ അടിസ്ഥാനത്തിലാണ്. വയനാടൻ നേന്ത്രൻ ഇനത്തിന് ഉല്പാദന ചെലവ് കുറവാണെന്നും ഉല്പാദന ക്ഷമത കൂടുതലാണെന്നുമുള്ള കണക്കിലാണ് അടിസ്ഥാന വില നിശ്ചയിച്ചത്.

(ഇ) ഉണ്ടെങ്കിൽ വയനാട് ജില്ലയിൽ ഉൽപ്പാദിപ്പിക്കുന്ന നേന്ത്രക്കുലയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

ലോക്ഡൗൺമൂലം കർഷകർ നേരിടുന്ന പ്രതിസന്ധി

55(1040) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺ കാരണം കേരളത്തിലെ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ എന്തൊക്കെ ഇടപെടലുകളാണ് നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

കോവിഡ്-19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ്-19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ക്ഷീര സഹകരണ സ്ഥാപനങ്ങൾ, കർഷക കൂട്ടായ്മകൾ വഴി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ബി) ഈ സാഹചര്യത്തിൽ കർഷകർ കൃഷി ചെയ്യുന്ന പൈനാപ്പിൾ അടക്കമുള്ള പഴങ്ങൾ കേരളത്തിനകത്തുതന്നെ വിപണനം ചെയ്യാൻ സർക്കാർ കാര്യക്ഷമമായ ഇടപെടലുകൾ നടത്തുമോ; വിശദാംശങ്ങൾ നൽകാമോ?

പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിനുവേണ്ട നടപടിയുടെ ഭാഗമായി ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., വാഴക്കുളം പൈനാപ്പിൾ പ്രോസസ്സിംഗ് സെന്റർ, സംസ്ഥാന മൊത്തവ്യാപാര മാർക്കറ്റുകൾ മുഖേന പൈനാപ്പിൾ സംഭരിച്ചുവരുന്നു. കൂടാതെ കേരള ഫാം ഫ്രഷ് അടിസ്ഥാന വില പദ്ധതി പ്രകാരം താങ്ങുവില പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

മുതലമട മാംഗോ ഹബ്ബ്

56(1041) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) മുതലമട മാംഗോ ഹബ്ബുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

&